# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5895** **04.07.2019 ൽ മറുപടിക്ക്**

**തമിഴ് നാട്ടിലെ കുറ്റാലത്തുള്ള ഭൂമിയും കെട്ടിടസമുച്ചയങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തമിഴ്നാട്ടിലെ കുറ്റാലത്തുള്ള തിരുവിതാംകൂർ രാജവംശത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയും കെട്ടിട സമുച്ചയങ്ങളുമാണ് പിന്നീട് കേരള സർക്കാർ ഏറ്റെടുത്തത്; വിശദമാക്കാമോ; | (എ) തമിഴ് നാട്ടിലെ തിരുനെൽവേലി ജില്ലയിൽപ്പെട്ട തെങ്കാശി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കുറ്റാലം കൊട്ടാരവും അത് സ്ഥിതി ചെയ്യുന്ന 56.68 ഏക്കർ സ്ഥലവും മുൻ തിരുവിതാംകൂർ രാജാവിൽ നിന്നും കേരള സർക്കാരിന് കൈമാറി ലഭിച്ചതാണ്. കൊട്ടാരവും അനുബന്ധമായി അതിഥികൾക്ക് താമസത്തിന് അനുയോജ്യമായ 10 കെട്ടിടങ്ങളും അവിടെ ഉണ്ട്. |
| (ബി) ഈ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതിൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) റോഡിന്റെ ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്ന ഭൂമിക്ക് ചുറ്റുമതിലും അതിനു മുകളിലായി 12 അടി ഉയരത്തിൽ കമ്പിവേലിയും സ്ഥാപിച്ച് സംരക്ഷിച്ചിട്ടുണ്ട്. സ്ഥലത്തിന് ചുറ്റും തകർന്നു പോയിട്ടുള്ള സംരക്ഷണ ഭിത്തിയുടെ ഭാഗങ്ങൾ പുനർനിർമ്മിക്കുകയും, അനധികൃതമായ നടപടികളും കൈയ്യേറ്റങ്ങളും തടയാനായി കേരള പോലീസിന്റെ സ്ഥിര സംരക്ഷണം ഏർപ്പെടുത്തിയിട്ടുമുണ്ട്. കൊട്ടാരത്തിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും കൊട്ടാരത്തിലേക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനും ഉള്ള എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വാടകയ്ക്ക് നൽകുന്നുമുണ്ട്. കുറ്റാലം |

കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും തട്ടിയെടുക്കുവാൻ പാലസ് സൂപ്രണ്ട് ഗൂഢാലോചന നടത്തുകയും ആയതിനാൽ ടിയാനെ സർവ്വീസിൽ നിന്നും പുറത്താക്കി അന്വേഷണം നടത്തുകയും തമിഴ്നാട്ടിലെ ഹൈക്കോടതി അടക്കമുള്ള വിവിധ കോടതികളിൽ കേരള സർക്കാർ കേസുകൾ നടത്തുകയും ഭരണപരവും നിയമപരവുമായി ശക്തമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കെടുകാര്യസ്ഥതമൂലം നിരവധി കൈയേറ്റശ്രമങ്ങൾ നടക്കുകയും, എന്നാൽ എല്ലാ കൈയേറ്റങ്ങളും നിഷ് പ്രഭമാക്കിക്കൊണ്ട്, ഈ സർക്കാരിന്റെ അദമ്യമായ പരിശ്രമ ഫലമായി, കുറ്റാലം കൊട്ടരവും അനുബന്ധ വസ്തുക്കളും തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. ഈ സർക്കാർ വന്നില്ലായിരുന്നുവെങ്കിൽ കൊട്ടാരവും സ്വത്തും നഷ്ടപ്പെടുന്ന സ്ഥിതിയായിരുന്നു. അവയെല്ലാം സംരക്ഷിച്ച് തിരിച്ചു പിടിച്ചത് കഠിനാധ്വാനം ചെയ്തിട്ടാണെങ്കിലും കേരളത്തിന് ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന ഒരു നേട്ടമായി മാറിയിരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഭൂമിയിൽ ഉണ്ടായ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ സർക്കാരിന്റെ പക്കൽ എത്ര ഏക്കർ ഭൂമിയും കെട്ടിടവുമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമിയിൽ ഉണ്ടായ കൈയേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കേരള സർക്കാരിന്റെ പക്കൽ 56.68 ഏക്കർ ഭൂമിയും 10 കെട്ടിടങ്ങളുമാണ് ഉള്ളത്. |

**സെക്ഷൻ ഓഫീസർ**